(ഡി) റീജിയണൽ കാൻസർ സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സ്ഥലപരിമിതിക്ക് പരിഹാരം കാണുന്നതിനായി ഒരു പത്ത്നില കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. എക്സ്റേ യൂണിറ്റിന്റെ ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ്, പിക്ചർ ആർക്കൈവൽ ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം(PACS) എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രണ്ട് ലീനിയർ ആക്സിലേറ്ററുകൾ വാങ്ങിയതിൽ ഒരെണ്ണം കമ്മീഷൻ ചെയ്തു. മറ്റൊരെണ്ണം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റേഡിയോതെറാപ്പി പ്ലെനറ്റ് വർക്കിംഗ് സംവിധാനവും ആർ.സി.സിയിലുണ്ട്. ലാബുകളുടെ നവീകരണവും സ്ത്രീകളിലുണ്ടാകുന്ന കാൻസർ ചികിത്സക്ക് പ്രാധാന്യം കൊടുത്ത് മാമോഗ്രാം, കോൾപ്പോസ് സ്കോപ്പ് എന്നിവ സ്ഥാപിക്കുന്നതിനും ബ്രാക്കിതെറാപ്പിയൂണിറ്റ് അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഇ) എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യമൊരുക്കിയിട്ടുണ്ട്. ജില്ലാ/ജനറൽ/ഡബ്ബ്യൂ.ആന്റ്.സി. ആശുപത്രികളിലും ചില താലൂക്ക് ആശുപത്രികളിലും പരിമിതമായ താലൂക്ക് ആശുപത്രികളിലും പരിമിതമായ തോതിൽ ക്യാൻസർ രോഗനിർണ്ണയവും സർജിക്കൽ ചികിത്സകളും നടന്നുവരുന്നു.

കെ.എസ്.ടി.പി. ഒന്നാംഘട്ട പ്രവർത്തനങ്ങൾ

7(*217) ശ്രീ. എം. എ. വാഹീദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. യുടെ ഒന്നാംഘട്ടം ഇനിയും പൂർണ്ണമായും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന എത്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഒന്നാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാകാത്തതുമൂലം ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ അധികബാദ്ധ്യത ഉണ്ടായിട്ടുണ്ട് എന്നറിയിക്കുമോ ;

(ഡി) ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന റോഡ് നിർമ്മാണത്തിന് ഒരു കി.മീറ്ററിന് എന്തു തുകയാണ് ചെലവ് കണക്കാക്കിയിരുന്നത് ;

(എഫ്) ഈ പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരുന്ന വിലയേക്കാൾ എത്ര ശതമാനം അധികം നൽകേണ്ടിവന്നു ;

(ജി) ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി ഇതുവരെ ലോകബാങ്ക് സഹായമായി എത്ര കോടി രൂപയാണ് ലഭ്യമായത് ; ഇതിന്റെ സംസ്ഥാനവിഹിത മായി ഇതുവരെ എത്ര കോടി ചെലവഴിച്ചു ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

എ) ഇല്ല

(ബി) താഴെപ്പറയുന്ന പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്.

1. നവീകരണ ജോലികളിൽ 254.49 കി.മീ. ലക്ഷ്യമിട്ടതിൽ 98% ജോലികളും പൂർത്തീകരിച്ചു. എന്നാൽ ഷോൾഡറുകൾ, ഓടകൾ, റിട്ടെയിനിംഗ് ഭിത്തികൾ, കവലകൾ, സൈൻബോർഡുകൾ, അപ്രോച്ച് റോഡുകൾ തുടങ്ങി 2% ജോലികൾ ഇനിയും തീർക്കാനുണ്ട്.

2. 1156 കി.മി. ഹെവി മെയിന്റനൻസ് ജോലികളിൽ 2% ജോലികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

3. 302.10 കി.മീ. റീസർഫേസിങ്ങ് ജോലികൾ പൂർത്തീകരിച്ചുവരുന്നു.

(സി) അധിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല.

(ഡി) 31-12-2007, എന്നാൽ പിന്നീടത് 31-12-2010 വരെയായി ദീർഘിപ്പിച്ചു.

(ഇ) റോഡ് നവീകരണത്തിന് കിലോമീറ്ററിന് ശരാശരി 2.40കോടി രൂപയും ഹെവി മെയിന്റനൻസിന് 50.8 ലക്ഷം രൂപയും റിസർഫസിങ്ങിന് 18.8 ലക്ഷം രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്.

(എഫ്) മാർക്കറ്റ് വിലയിൽ കൂടുതൽ തുക സ്ഥലമെടുപ്പിനായി നൽകിയിട്ടില്ല.

(ജി) 940 കോടി രൂപ ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ട്. 519 കോടി രൂപ സംസ്ഥാന വിഹിതമായി ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ

***(218)** ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly